# ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിലെ 10 ശതമാനം സാമ്പത്തികസംവരണവ്യവസ്ഥകൾ പുനഃപരിശോധിക്കണം

2015-ൽ ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് സ്ഥാപിതമായതിനെ തുടർന്ന് 2016-ൽ നിലവിൽവന്ന ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിരുന്നത് 68 ശതമാനം ജനറൽ ക്വോട്ടായും 32 ശതമാനം സംവരണക്വോട്ടായും ആയിരുന്നു. 2017 നവംബർ 15-ലെ മന്ത്രിസഭായോഗത്തിൽ, 10 ശതമാനം സാമ്പത്തികസംവരണം നല്കുമെന്ന് പ്രഖ്യാപിച്ചെങ്കിലും 2019 നവംബർ 19-ന് ആണ് ചട്ടങ്ങളിൽ ഭേദഗതി വരുത്തി സംവരണം നടപ്പാക്കുവാനുള്ള പുതിയ വിജ്ഞാപനം സർക്കാർ പുറപ്പെടുവിച്ചിരിക്കുന്നത്. പ്രസ്തുത ചട്ടങ്ങളിലെ റൂൾ 2(എ)-ൽ സംവരണം ലഭിക്കാത്ത ഹിന്ദുമതത്തിലെ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവരെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ നല്കിയിട്ടുണ്ട് -

(1) സംസ്ഥാനസർക്കാരിലോ കേന്ദ്രസർക്കാരിലോ പൊതുമേഖലാസ്ഥാപനങ്ങളിലോ സഹകരണമേഖലയിലോ ഗവണ്മെന്റ് എയിഡ് വാങ്ങുന്ന ഓട്ടോണമസ് സ്ഥാപനങ്ങളിലോ സംസ്ഥാനസർക്കാരിന്റെയോ കേന്ദ്രസർക്കാരിന്റെയോ ഗ്രാന്റ് വാങ്ങുന്ന സ്ഥാപനങ്ങളിലോ ഒരു കുടുംബത്തിലെ ഏതെങ്കിലും ഒരു വ്യക്തിക്ക് സ്ഥിരജോലി ഉണ്ടെങ്കിൽ ടി കുടുംബത്തിന് സാമ്പത്തികപിന്നാക്കാവസ്ഥയ്ക്ക് അർഹതയില്ല.

ഈ വ്യവസ്ഥ പാർട്ട്-ടൈം ജോലി ഉള്ളവർക്കും സ്ഥിരജോലി ഇല്ലാത്തവർക്കും ബാധമകല്ല.

(2) ഒരു കുടുംബത്തിലെ ഏതെങ്കിലും ഒരു വ്യക്തി ഇൻകം ടാക്സ് അടയ്ക്കാനുണ്ടെങ്കിൽ ആ കുടുംബത്തിന് സാമ്പത്തികപിന്നാക്കാവസ്ഥയ്ക്ക് അർഹതയില്ല.

(3) ഒരു കുടുംബത്തിന് ഒരു ഏക്കറിന് മുകളിൽ വസ്തു ഉണ്ടെങ്കിൽ ആ കുടുംബത്തിന് സാമ്പത്തികപിന്നാക്കാവസ്ഥയ്ക്ക് അർഹതയില്ല.

(4) ഒരു കുടുംബത്തിലെ ഏതെങ്കിലും ഒരു വ്യക്തിക്ക് എല്ലാ ഉറവിടങ്ങളിൽനിന്നും 25,000/- രൂപയിൽ കൂടുതൽ മാസവരുമാനം ഉണ്ടെങ്കിൽ ആ കുടുംബത്തിന് സാമ്പത്തികപിന്നാക്കാവസ്ഥയ്ക്ക് അർഹതയില്ല.

40 ശതമാനം സംവരണം നിലവിൽ ലഭിക്കുന്ന വിഭാഗങ്ങൾക്ക് ഈ വ്യവസ്ഥകളൊന്നും ബാധകമല്ല. അവർക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള ക്രീമിലെയർ വരുമാനപരിധി മാത്രമേ ബാധകമായിട്ടുള്ളു എന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. സംവരണേതരഹൈന്ദവവിഭാഗങ്ങളിൽപെട്ട 150-ഓളം വരുന്ന സമുദായങ്ങൾക്ക് അനുവദിച്ചിട്ടുള്ള 10 ശതമാനത്തിനാണ് മുകളിൽ പറഞ്ഞിട്ടുള്ള വിചിത്രമായ നിബന്ധനകൾ പാലിക്കണമെന്ന് സർക്കാർ പറയുന്നത്. സർക്കാരിന്റെ ഈ നടപടി തികച്ചും അധാർമ്മികവും വിവേചനാപരവും ആണ്.

ഒരു കുടുംബത്തിൽ ആർക്കെങ്കിലും നിബന്ധന 1-ൽ പറയുംപ്രകാരം ജോലിയുണ്ടെങ്കിൽ ആ കുടുംബത്തിന് അർഹത നിഷേധിക്കുക എന്നുള്ളത് ക്രൂരമാണ്. നിബന്ധന 3 പ്രകാരം, ഒരു കുടുംബത്തിന് ഒരു ഏക്കറിന് മുകളിൽ വസ്തു ഉണ്ടെങ്കിൽ അവർക്കും സംവരണത്തിന് അർഹതയില്ല. നിബന്ധന 4-ൽ പറയുന്നത് ഒരു കുടുംബത്തിലെ ഏതെങ്കിലും ഒരു വ്യക്തിക്ക് എല്ലാ ഉറവിടങ്ങളിൽനിന്നും 25,000/- രൂപയിൽ കൂടുതൽ മാസവരുമാനം ഉണ്ടെങ്കിൽ അവർക്കും അർഹതയില്ല എന്നാണ്. നിബന്ധന 1 പ്രകാരം, ജോലിയുള്ള ഒരു വിഭാഗത്തെ ഒഴിവാക്കുന്നതോടൊപ്പം, സ്വകാര്യമേഖലയിൽ എന്തെങ്കിലും ജോലിയുള്ളവരെയും തന്ത്രപരമായി ഒഴിവാക്കാനാണ് ഇതിലൂടെ ശ്രമിക്കുന്നത് എന്നു കാണാം.

ന്യായമായി അർഹതയുള്ളവർക്കുപോലും നീതി ലഭിക്കരുത് എന്ന ബോധപൂർവമായ ലക്ഷ്യത്തോടെയാണ് ഈ നിബന്ധനകൾ നിർമ്മിച്ചിരിക്കുന്നതെന്ന് ഇതിൽനിന്നും കാണാവുന്നതാണ്. കേന്ദ്രഗവണ്മെന്റിന്റെ നിർദ്ദേശപ്രകാരം നടപ്പാക്കുന്ന 10 ശതമാനം സംവരണത്തിന് ഈ നിബന്ധനകളൊന്നും ബാധകമല്ല. അവിടെ 4 ലക്ഷം രൂപയാണ് വരുമാനപരിധിയായി നിശ്ചയിച്ചിരിക്കുന്നത്. ഈ സ്ഥാനത്താണ് ഇതേ സർക്കാർതന്നെ ഹൈന്ദവരിലെ സംവരണേതരവിഭാഗങ്ങളിലെ പാവപ്പെട്ടവർക്ക് ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിലെ 10 ശതമാനം സംവരണം നല്കുന്നതിന് ഇത്തരം നിബന്ധനകൾ കൊണ്ടുവന്നിരിക്കുന്നത്. ഇക്കാര്യത്തിൽ ഗവണ്മെന്റിന്റെ സത്വരമായ ഇടപെടലും തിരുത്തലുകളും ആവശ്യമാണ്.